വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജോബ്): പെരിന്തൽമണ്ണ പൂക്കോയതങ്ങൾ മെമ്മോറിയൽ കോളേജിന് 1981-ൽ 30 ലക്ഷം രൂപക്കുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി നൽകി അതിന്റെ പ്രവർത്തനം നടന്നുവരികയണ്. ഇതിനിടക്ക് ബിൽ കിട്ടാത്തതുകാരണം അതിന്റെ കോൺട്രാക്റ്റർ പണി അല്പം താമസിപ്പിക്കുകയുണ്ടായി. കഴിഞ്ഞ മാസം അഞ്ച് ലക്ഷം രൂപ ആ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് പണി ഉടൻ തന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. പുതിയ കോഴ്സുകൾ തുടങ്ങാനുള്ള അപേക്ഷ അവിടെനിന്നും കിട്ടിയിട്ടുണ്ട്. ബി. എ. എക്കണോമിക്സ് ആരംഭിക്കുന്നതിനുള്ള ശുപാർശയാണ് സർവകലാശാലയിൽനിന്നും കിട്ടിയിരിക്കുന്നത്. പുതിയ കോഴ്സുകൾ തുടങ്ങാൻ തീരുമാനമെടുക്കുന്ന കൂട്ടത്തിൽ തീർച്ചയായും ഈ കാര്യം പരിഗണിക്കുന്നതാണ്.

(7) കൊറാക്കര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ആർ. എസ്. ഉണ്ണി: എന്റെ നിയോജകമണ്ഡലത്തിൽപെട്ട കൊറാക്കര പഞ്ചായത്ത് പത്തുനാൽപ്പത്തയ്യായിരം ജനസംഖ്യയുള്ളതാണ്. ഇതൊരു പ്രോബ്ലം വില്ലേജായി പണ്ടേ തീരുമാനിച്ചതാണ്. അവിടെ ഒരു വാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നെതർലാന്റ് സ്കീമിൽപെടുത്താൻ ആലോചന നടത്തിയെങ്കിലും പിന്നെ എങ്ങനെയോ അത് വിട്ടുപോയി. പിന്നീട് ആ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച് തറക്കല്ലിട്ടു. ഇപ്പോൾ അതിന്റെ പണി മുകളിൽനിന്നുള്ള നിർദ്ദേശപ്രകാരം നിർത്തിയിരിക്കുന്നതായി അറിഞ്ഞു. റിഗ്ഗ് വന്നു. അത് ഇറക്കാൻ തുടങ്ങിയപ്പോൾ നിർത്തിവെച്ചുകൊൾവാൻ ആണ് മുകളിൽനിന്നുള്ള നിർദ്ദേശം എന്നാണ് കേട്തത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും എക്സിക്യൂട്ടീവ് എൻജിനീയറുമൊക്കെയാണ് ഇങ്ങനെ പറയുന്നത്. അതുകൊണ്ട് ആ നിർദ്ദേശം മാറി അതിന്റെ പണി തുടങ്ങിയാൽ തരക്കേടില്ലായിരുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, കൊറാക്കര ശുദ്ധജലവിതരണ പദ്ധതി നെതർലാന്റ് സ്കീമിൽ പെടുത്താൻ സാധിച്ചില്ല. അതൊക്കെ ഫൈനലൈസ് ചെയ്തു കഴിഞ്ഞു. ഇൻഡ്യാ ഗവൺമെന്റിന്റെ ഇറഗ്രേറേഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിലുൾപെടുത്തി അതിന്റെ വർക്ക് തുടങ്ങിക്കഴിഞ്ഞു. ട്യൂബ്വെല്ലിൽ നിന്ന് ഗ്രൗണ്ട് വാട്ടർ എടുത്തിട്ടുള്ള സോഴ്സാണ് അവിടെ പ്ലാൻചെയ്തത്. ഒരു റിഗ്ഗ് അയച്ച് രണ്ടു ട്യൂബ്വെൽ പരിശോധിച്ചു. ഒന്നിൽ തീരെ വെള്ളമില്ല. മറ്റത് കുഴിച്ചുതുടങ്ങിയപ്പോൾ പാറ കണ്ടു. അതുകൊണ്ട് ട്യൂബ്വെല്ലിന് സാധിക്കുകയില്ല. അങ്ങനെയാണ് പണിമുടങ്ങിയത്. മുകളിൽനിന്നോ താഴെനിന്നോ ആവശ്യപ്പെട്തുകൊണ്ടല്ല മുടങ്ങിയത്. ട്യൂബ്വെല്ലിന് അവിടെ സാധ്യതയില്ല. പാറകണ്ടാൽ അത് കുഴിക്കാൻ സാധിക്കുകയില്ല. ഇനി വേറെ സ്ഥലം പരിശോധിക്കാൻ ഫർപ്പാടു ചെയ്തു. പാറ എന്താ മണ്ണ് എന്താ എന്ന് അറിയുകയില്ലാത്തവരോടു പറഞ്ഞിട്ട് കാര്യമില്ല. ഏതായാലും ട്യൂബ്വെൽ കുഴിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം നിർണ്ണയിക്കാൻ

[10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിരിക്കുകയാണ്. വേറെ ഒരു നിർദ്ദേശവും വച്ചിട്ടില്ല. ബഹുമാപ്പെട്ട ആർ. എസ്. ഉണ്ണിക്ക് നിർദ്ദേശം വെയ്ക്കാൻ ആഗ്രഹമുണ്ടെങ്കിൽ അതിന് ഈ ഗവൺമെൻറ് തയ്യാറില്ല. ഗവൺമെൻറ് മുന്നോട്ടു പോകും.

(8) ബി. എസ്. സി. മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ കോഴ്സ്

ശ്രീ. എ. സി. ജോസ്: സർ, ചങ്ങിഗറിലുള്ളതുപോലെ ബി. എസ്. സി. മെഡിക്കൽ ലാബറട്ടറി ടെക്നിഷ്യൻ കോഴ്സ് കേരളത്തിലും ആരംഭിച്ചിരിക്കുകയാണ്. ആ കോഴ്സിന് അഡ്മിഷൻ കിട്ടിയിട്ടുള്ള വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിട്ടുള്ള ഈ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠിച്ച് പുറത്തുപോകുന്നതിന് ഏറ്റവും അനുയോജ്യകരമായ ഒരു കോഴ്സാണിത്. ഈ കോഴ്സിനും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ളതു പോലെ എൻട്രൻസ് എക്സാമിനേഷനുണ്ട്. എന്നിട്ടും ഈ കോഴ്സ് ഒരു പ്രൊഫഷണൽ കോഴ്സായിട്ട് ഡിക്ലയർ ചെയ്യാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഒന്നാം വർഷം പഠിപ്പിക്കേണ്ടിയിരുന്നതു ഫിസിയോളജി, ബയോകെമിസ്ട്രി, ഹിസ്റ്റോളജി എന്നീ വിഷയങ്ങളായിരുന്നു. എന്നാൽ ഇന്നു സിലബസ് ആകെ മാറ്റിമറിച്ചുകൊണ്ട് മറ്റു വിഷയങ്ങളാണ് പഠിപ്പിക്കുന്നത്. ഇതു നാലുവർഷ കോഴ്സായി മാറ്റുകയും വളരെയേറെ ജോലികിട്ടാൻ സാദ്ധ്യതയുള്ള ഈ കോഴ്സിനെക്കുറിച്ച് സമൂലമായ പഠനം നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇന്നുള്ള അപാകതകൾ പരിഹരിച്ച് നടപടിയെടുക്കുന്നതിന് പരിഗണനക്കായി ഇതു സബ്മിറ്റ് ചെയ്തിരിക്കുകയാണ്. ലാബറട്ടറിയെ സംബന്ധിച്ചുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതെന്തെ അത് പരിഹരിക്കാൻ കഴിയും.

(9) ബാലവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും കിട്ടേണ്ട ആനുകൂല്യങ്ങൾ

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കേരളത്തിലെ പതിനായിരക്കണക്കിന് ബാലവാടികൾ സാമൂഹ്യവികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതാണ്. 1-4-1985 വരെ കാര്യക്ഷമമായി പ്രവർത്തിക്കുകയും അവർക്കുള്ള അലവൻസ് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. 1-4-1985 മുതൽ അത് സാമൂഹ്യക്ഷേമ വകുപ്പിലേക്ക് എടുത്തു. അതിനുശേഷം നാളിതുവരെ അതിൽ പ്രവർത്തിക്കുന്ന പാവപ്പെട്ട പതിനായിരക്കണക്കിന് പെൺകുട്ടികൾക്ക് ഒരു പൈസ പോലും കിട്ടുന്നില്ല. അവർക്ക് പൈസകൊടുക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണം.

സാമൂഹ്യ വികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ ആകെ 2600 ബാലവാടികളാണ് ഉള്ളത്. ഐ. സി. ഡി. എസ്. പദ്ധതി അനുപതാനുപത്തൊന്നാണ്

LIBRARY ARCHIVES Kerala Legislative Assembly